നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവുചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-2-2015-ലെ സ.ഉ.(പി) നമ്പർ 48/2015/ധന പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾമുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം ഡിസ്കൗണ്ട് ചെയ്തശേഷം ബാക്കി തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുക നേരത്തെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു എന്ന നേട്ടമുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ.

കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം

179 (524) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കിയ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട് ; വകപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽനിന്ന് എത്ര തുക ശേഖരിച്ചിട്ടുണ്ട് ;

(സി) മാച്ചിംഗ് ഫണ്ട് ആയി സർക്കാർ എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് ;

(ഡി) ഇപ്രകാരം ശേഖരിച്ചിട്ടുള്ള തുക ഏത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കിയ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ, 1-6-2015-ൽ ലഭ്യമാക്കിയ 4/2015-ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് നിലവിൽ 19306 ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. വകപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 30-4-2015 വരെയുള്ള കണക്കനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽനിന്നും 25.96 കോടി രൂപ ശേഖരിച്ചിട്ടുണ്ട്.

(സി) 30-4-2015 വരെ മാച്ചിംഗ് ഫണ്ടായി സർക്കാർ 25.96 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5 (88) 2006-പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റൂപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവ്/പദ്ധതി ഇതര ചെലവുകളുടെ വിശദാംശം

180 (525) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly